File No.FWLD-B2/93/2019-FWLD

13854
18/8/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആയുർവേദ ഔഷധ നിർമ്മാണത്തിന് പൊതുമേഖലാ സ്ഥാപനമായ ഔഷധിക്ക് 12,000 കിലോഗ്രാം ചന്ദന വെള്ള ചിപ്സ് അനുവദിച്ച നൽകുന്നതിന് ഉത്തരവ്വ പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി(ബി) വകുപ്പ്

സ.ഉ.(സാധാ) നം.303/2019/വനം തീയതി,തിരുവനന്തപുരം, 03/08/2019

---

പരാമർശം:- 1 21/07/2017 തീയതിയിലെ സ.ഉ. (കൈ) നം.33/2017/വനം നമ്പർ സർക്കാർ ഉത്തരവ്.

2 പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) -ന്റെ 15/05/2019 തീയതിയിലെ പ്രൊ(5)- 80757/2019 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ആയുർവേദ ഔഷധ നിർമ്മാണത്തിന് പൊതുമേഖലാ സ്ഥാപനമായ ഔഷധിക്ക് പരാമർശം 1) പ്രകാരം 12 മെട്രിക് ടൺ ചന്ദന വെള്ള ചിപ്സ് ലേലത്തിൽ ഉൾപ്പെടുത്താതെ കിലോഗ്രാമിന് 170/- രൂപ എന്ന നിരക്കിൽ സർക്കാർ അനുവദിച്ചിരുന്നു. മറയൂർ ചന്ദന ഡിവിഷനിൽ നിന്നും 12,000 കിലോഗ്രാം ചന്ദന വെള്ള ചിപ്സ് കിലോഗ്രാമിന് 170/- രൂപ എന്ന നിരക്കിൽ അനുവദിക്കണമെന്ന് ഔഷധി, മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുള്ളതായി പരാമർശം 2) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) അറിയിച്ചിട്ടുണ്ട്.

2) നിലവിൽ മറയൂർ ചന്ദന ഡിപ്പോയിൽ 36.55 ടൺ ചന്ദന വെള്ള ചിപ്സ് (Class XV) ഉണ്ടെന്നും, മറയൂർ ചന്ദന ഡിപ്പോയിൽ മുൻ ലേലങ്ങളിൽ അവസാനം നടന്ന ലേലത്തിലെ (10.01.2019) ശരാശരി വില കിലോഗ്രാമിന് 186/- രൂപ എന്ന നിരക്കിലാണെന്നും, ഔഷധി, മാനേജിംഗ് ഡയറക്ടർ കിലോഗ്രാമിന് 186/- രൂപ എന്ന നിരക്കിൽ ചന്ദന വെള്ള ചിപ്സ് എടുക്കുന്നതിനുള്ള താൽപര്യം അറിയിച്ചിട്ടുള്ളതാണെന്നും, ഔഷധി ഓഫർ ചെയ്തിരിക്കുന്ന കിലോഗ്രാമിന് 186/- രൂപ എന്ന നിരക്ക് ലേലത്തിൽ കിട്ടാവുന്ന

നിരക്കിന് സമാനമാണെന്നും, ആയതിനാൽ, പൊതുമേഖലാ സ്ഥാപനമായ ഔഷധിക്ക് കിലോഗ്രാമിന് 186/- രൂപ എന്ന നിരക്കിൽ 12,000 കിലോഗ്രാം ചന്ദന വെള്ള ചിപ്സ് ലേലത്തിൽ ഉൾപ്പെടുത്താതെ അനുവദിച്ച് നൽകാവുന്നതാണെന്നും പരാമർശം 2) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) ശുപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ശുപാർശ പ്രകാരം, മറയൂർ ചന്ദന ഡിപ്പോയിൽ മുൻ ലേലങ്ങളിൽ അവസാനം നടന്ന ലേലത്തിലെ (10.01.2019-ൽ) ശരാശരി വില കിലോഗ്രാമിന് 186/- രൂപ എന്ന നിരക്കിലായതിനാലും, ഔഷധി ഓഫർ ചെയ്തിരിക്കുന്ന കിലോഗ്രാമിന് 186/- രൂപ എന്ന നിരക്ക് ലേലത്തിൽ കിട്ടാവുന്ന നിരക്കിന് സമാനമായതിനാലും, പൊതുമേഖലാ സ്ഥാപനമായ ഔഷധിക്ക് കിലോഗ്രാമിന് 186/- രൂപ എന്ന നിരക്കിൽ 12,000 കിലോഗ്രാം ചന്ദന വെള്ള ചിപ്സ് ലേലത്തിൽ ഉൾപ്പെടുത്താതെ അനുവദിച്ച് നൽകുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്)- നെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുല്ഫിക്കർ റഹ്മാന്.എ
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, ഔഷധി, കുട്ടനെല്ലൂർ പി.ഒ, തൃശ്ശൂർ – 680014

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

I&PRD വെബ് ആന്റ് ന്യൂ മീഡിയ (ഉത്തരവ് സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by PRAVEEN KUMAR S
Date: 2019.08.06 12:46:14 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. വനം വന്യജീവി വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

വനം വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എ. യ്ക്ക്.

വനം വന്യജീവി വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്.

വനം വന്യജീവി (പി.എസ്) വകുപ്പ്.